# കേരളസർവകലാശാല

നം.പി.ആർ.201/2023 തിരുവനന്തപുരം, തീയതി: 03/10/2023

## പത്രക്കുറിപ്പ്

### പരീക്ഷകൾ മാറ്റിവച്ചു

കേരളസർവകലാശാല നാളെ (04.10.2023) ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### ഇന്റർ കോളേജിയറ്റ് സ്പോർട്സ് ക്വിസ്

കേരള കായിക ദിനത്തിന്റെ ഭാഗമായി കേരളസർവകലാശാല കായികപഠന വകുപ്പ് സംഘടിപ്പിക്കുന്ന ഇന്റർ കോളേജിയറ്റ് സ്പോർട്സ് ക്വിസ് 2023 ഒക്ടോബർ 13 ന് രാവിലെ 10 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ കായിക പഠന വകുപ്പിൽ വച്ച് പ്രാഥമിക ക്വിസ് മത്സരം നടത്തുകയും അതിൽ വിജയിക്കുന്നവരെ യൂണിവേഴ്സിറ്റി സെനറ്റ് ചേമ്പറിൽ അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്ക് നടക്കുന്ന ഫൈനൽ മത്സരത്തിൽ പങ്കെടുപ്പിക്കുകയും വിജയിക്കുന്ന മത്സരാർത്ഥികൾക്ക് സമ്മാനദാനം നൽകുന്നതുമാണ്. ഒരു കോളേജിൽ നിന്നും രണ്ടു പേരടങ്ങുന്ന ഒരു ടീമിന് മത്സരിക്കാൻ അർഹതയുണ്ട്. കേരളസർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾ, കേരളസർവകലാശാല പഠനവകുപ്പുകൾ, യു.ഐ.ടി., യു.ഐ.എം., കെ.യു.സി.ടി.ഇ. തുടങ്ങിയവയിലെ വിദ്യാർത്ഥികൾക്കാണ് മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരം നൽകുന്നത്. പങ്കെടുക്കാൻ താല്പ്പര്യമുള്ള മത്സരാർ ത്ഥികൾ കോളേജ് പ്രിൻസിപ്പാൾ/അതാതു വകുപ്പു മേധാവിയുടെ കത്തുമായി 9.30 ന് തന്നെ കായിക പഠന വകുപ്പിലെ രജിസ്ട്രേഷൻ കൗണ്ടറിൽ എത്തിച്ചേരേണ്ടതാണ്.

### പരീക്ഷാത്തീയതിയിൽ മാറ്റം

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ബി.എ./ബി.കോം./ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്/ബി.എസ്സി. മാത്തമാറ്റിക്സ്/ ബി.ബി.എ./ബി.സി.എ. കോഴ്സുകളുടെ മൂന്നാം സെമസ്റ്റർ പരീക്ഷകൾ 2023 ഒക്ടോബർ 10 മുതൽ നടത്തുവാൻ പുതുക്കി നിശ്ചയിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ. വിദൂര വിദ്യാഭ്യാസ വിഭാഗം (2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2017 മുതൽ 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും

പുനർമൂല്യനിർണയത്തിനും 2023 ഒക്ടോബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. മലയാളം ലാംഗേജ് ആന്റ് ലിറ്ററേച്ചർ മേഴ്സി ചാൻസ്, ജനുവരി 2023 (2004-2006 ബാച്ച്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ഒക്ടോബർ 10 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ അഞ്ചാം സെമസ്റ്റർ – 2020 സ്കീം, സെപ്റ്റംബർ 2023 റെഗുലർ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ഒക്ടോബർ 9 മുതൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല ഒക്ടോബർ 25 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.ബി.എ (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ – 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി, 2019 & 2020 അഡ്മിഷൻ സപ്ലിമെന്ററി, 2016 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

## കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം – യു.ജി./പി.ജി. പ്രോഗ്രാമുകളുടെ അഡ്മിഷൻ 2023 ഒക്ടോബർ 20 വരെ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2023-2024 അദ്ധ്യയന വർഷത്തെ എട്ട് ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കുള്ള അഡ്മിഷൻ തുടരുന്നു. പൊളിറ്റിക്കൽ സയൻസ്, ലൈബ്രറി സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദ പ്രോഗ്രാമുകൾക്കും പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ലൈബ്രറി സയൻസ്, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കുമാണ് അഡ്മിഷൻ നടക്കുന്നത്. അപേക്ഷ 2023 ഒക്ടോബർ 20 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ ശരിപകർപ്പും അസ്സൽ സർട്ടിഫിക്കറ്റുകളും കാര്യവട്ടത്തെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ 2023 ഒക്ടോബർ 25 ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷിക്കുന്നതിനും മറ്റ് വിവരങ്ങൾക്കും www.ideku.net സന്ദർശിക്കുക.

## സീറ്റൊഴിവ്

കേരളസർവകലാശാലയുടെ തുടർവിദ്യാഭ്യാസവ്യാപന കേന്ദ്രം 2023 ഒക്ടോബർ 16 ന് തുടങ്ങുന്ന പി.എസ്.സി. അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റുകൾ കഴിവുണ്ട്. യോഗ്യത: പ്ലസ് ടു/പ്രീ-ഡിഗ്രി, കോഴ്സ് കാലാവധി: ആറു മാസം, ക്ലാസുകൾ: ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ, കോഴ്സ് ഫീസ്: 9000 രൂപ, ഉയർന്ന പ്രായ പരിധി ഇല്ല. താല്പ്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും ഒരു ഫോട്ടോയും സഹിതം

പി.എം.ജി. ജംഗ്ഷനിലുള്ള സ്റ്റുഡന്റ് സെന്റർ ക്യാമ്പസ്സിലെ ലെ CACEE ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: **0471-2302523.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

| |
|---|
| **University information is available on 9188526670, 9188526671, 9188526674, 9188526675** |
| **Whats App No. 8547330240** |